"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - വടകര നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സീന എം, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 120/2022 നമ്പർ കേസിലെ 27.03.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.1538/2025/LSGD തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-

1. വടകര നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സീന എം, സമർപ്പിച്ച 18.08.2023 തീയതിയിലെ അപേക്ഷ (Annexure A 19)
2. ശ്രീമതി സീന എം, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 120/2022 നമ്പർ കേസിലെ 27.03.2025 തീയതിയിലെ ഉത്തരവ്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.06.2025 തീയതിയിലെ LSGD/PD/11330/2023-DEB5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിൽ വടകര നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സീന എം, സർക്കാരിൽ സമർപ്പിച്ച പരാമർശം (1) അപേക്ഷയിൽ, ഹോംസ്റ്റേഷനായ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലേക്കോ അടുത്ത ജില്ലയായ കണ്ണൂർ ജില്ലയിലെ കണ്ണൂർ കോർപ്പറേഷനിലേക്കോ സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 120/2022 നമ്പർ കേസിലെ പരാമർശം (2) ഉത്തരവിൽ, അപേക്ഷക സമർപ്പിച്ച അനുബന്ധം A19 അപ്പീൽ പരിശോധിച്ച് കോടതി ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഉത്തരവുകൾ പുറപ്പെടുവിക്കുവാനും, അപേക്ഷകയുടെ നിയമനം സംസ്ഥാനവ്യാപകമായിട്ടാണെന്ന അനുബന്ധം A19ലെ വാദങ്ങൾ ഉചിതമായി പരിഗണിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി സീന എം, സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ (അനുബന്ധം A19), സംസ്ഥാനതല നിയമനത്തിലൂടെ മാതൃജില്ലയായ കാസറഗോഡ് ജില്ലയിലെ കാസറഗോഡ്

നഗരസഭയിൽ ജെ.പി.എച്ച്.എൻ ഗ്രേഡ്-2 ആയി 25/08/2007 തീയതിയിൽ ജോലിയിൽ പ്രവേശിച്ചിരുന്ന ടിയാളെ നഗരകാര്യ ഡയറക്ടറുടെ 19/06/2015 തീയതിയിലെ ഇ5- 7332/2014 നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതാണെന്നും 8 വർഷത്തിലധികമായി വടകര നഗരസഭയിൽ ജോലി ചെയ്യുന്നതായും അറിയിക്കുന്നു. പ്രമോഷൻ ഇല്ലാത്ത തസ്തികയായതിനാൽ സമയബന്ധിതമായ ഹയർഗ്രേഡ് മാത്രമാണ് ലഭിക്കുന്നതെന്നും ജെ.പി.എച്ച്.എൻ ഗ്രേഡ്-1/സീനിയർ പബ്ലിക് ഹെൽത്ത് പ്രമോട്ടർ കാറ്റഗറിയിൽ സംസ്ഥാന തലത്തിലുള്ള സ്ഥലംമാറ്റത്തിനുവേണ്ടി കാസറഗോഡ് നഗരസഭയിലേക്ക് ഒന്നാമത്തെ ഓപ്ഷനായും, കണ്ണൂർ കോർപ്പറേഷനിലേക്ക് രണ്ടാമത്തെ ഓപ്ഷനായും അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും പൊതു സ്ഥലംമാറ്റത്തിനുള്ള എലിജിബിലിറ്റി ലിസ്റ്റിലും, അന്തിമ ക്യൂ ലിസ്റ്റിലും ഉൾപ്പെട്ടിട്ടും സീനിയർ പബ്ലിക് ഹെൽത്ത് പ്രമോട്ടർ/ജെ.പി.എച്ച്.എൻ ഗ്രേഡ്-1 ന്റെ സ്ഥലംമാറ്റ പട്ടികയിൽ ടിയാളെ ഉൾപ്പെടുത്തിയിട്ടില്ലായെന്നറിയിക്കുന്നു. നിലവിലെ സ്ഥലംമാറ്റ വ്യവസ്ഥകൾ പ്രകാരം സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിട്ടും ആയത് അനുവദിച്ചുകിട്ടിയില്ലായെന്നും വീട്ടിൽ നിന്നും 200 കി.മീറ്ററിലധികം ദൂരമുള്ള സ്ഥലത്ത് 8 വർഷത്തിലധികമായി ജോലി ചെയ്യുന്നതായും, വിധവയും, ഹൃദ്രോഗിയും അരയ്ക്കു താഴെ തളർന്ന് കിടപ്പിലായ അമ്മയും, 84 വയസ്സ് പ്രായമായ ക്യാൻസർ രോഗിയായ ഭർത്തൃ മാതാവും തന്റെ സംരക്ഷണയിലാണ് കഴിയുന്നത് എന്നും ഇവരെ തനിച്ചാക്കി ഇത്രയും ദൂരസ്ഥലത്ത് പോയി ജോലി ചെയ്യാൻ വളരെയധികം ബുദ്ധിമുട്ടാണ് എന്നും അറിയിക്കുന്നു. ആയതിനാൽ സീനിയോറിറ്റി ലിസ്റ്റിൽ തന്നേക്കാൾ ജൂനിയറായിട്ടുള്ളവർക്ക് കിട്ടിയ നീതി തന്റെ കാര്യത്തിലും നടപ്പാക്കണമെന്നും, തന്റെ അപേക്ഷ പരിഗണിച്ച് മാതൃ ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിച്ചുതരണമെന്നും ശ്രീമതി സീന എം അപേക്ഷിക്കുകയുണ്ടായി.

3. ശ്രീമതി സീന എം, സമർപ്പിച്ച അപേക്ഷയിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ നിലവിൽ ഉള്ളത് റേഷ്യോ പ്രൊമോഷൻ ആണ് എന്നും കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന ജില്ലാ തല നിയമനങ്ങൾ ആണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ നടത്തുന്നത് എന്നും അറിയിക്കുന്നു. ടിയാൾ ട്രാൻസ്ഫർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച കാസർഗോഡ് മുനിസിപ്പാലിറ്റി, കണ്ണൂർ കോർപ്പറേഷൻ എന്നിവിടങ്ങളിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാർ ആണ് നിലവിൽ ഉള്ളത് എന്നും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാരുടെ സ്ഥാനത്ത് ജില്ലക്ക് പുറത്ത് സേവനത്തിലിരിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിലെ ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിച്ചാൽ അത് സർവീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതാണ് എന്നും അറിയിക്കുന്നു. ശ്രീമതി.സീന എം-ന്റെ ഹോം സ്റ്റേഷനായ കാസർഗോഡ് ജില്ലയിലും ടിയാൾ സ്ഥലംമാറ്റം ആവശ്യപ്പെട്ട കണ്ണൂർ നഗരസഭയിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിൽ നിലവിൽ മറ്റ് ഒഴിവുകൾ ഒന്നുംതന്നെ ഇല്ലാത്തതിനാൽ ശ്രീമതി സീന എം. നെ ജനറൽ ട്രാൻസ്ഫർ മുഖേന സർവീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി 6/03/2024 തീയതിയിലെ സ.ഉ.(കൈ)നം.46/2024/LSGD ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ ട്രാൻസ്ഫർ ചെയ്യുവാൻ സാധിക്കുകയുള്ളൂവെന്നും, കൂടാതെ 2025 വർഷത്തിലെ പൊതു സ്ഥലംമാറ്റ അപേക്ഷകളുടെ കരട് ലിസ്റ്റിൽ ടിയാൾ ആവശ്യപ്പെട്ട മൂന്നാമത്തെ ഓപ്ഷൻ ആയ കോഴിക്കോട് നഗരസഭയിലേക്ക് പേര് ഉൾപ്പെട്ടിട്ടുള്ളതാണ് എന്നുള്ള വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ, ഇക്കാര്യം, ശ്രീമതി സീന എം,-ന്റെ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സീന എം, ട്രാൻസ്ഫർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച കാസർഗോഡ് മുനിസിപ്പാലിറ്റി, കണ്ണൂർ കോർപ്പറേഷൻ എന്നിവിടങ്ങളിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II ജീവനക്കാർ ആണ് നിലവിൽ ഉള്ളത് എന്നതിനാൽ ടിയാൾക്ക് സ്ഥലം മാറ്റം അനുവദിച്ചാൽ അത് സർവീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതാണ് എന്നതിനാൽ ടിയാളുടെ ആവശ്യം നിലവിൽ പരിഗണിക്കാനാകുന്നതല്ല. കൂടാതെ 2025 വർഷത്തിലെ പൊതു സ്ഥലംമാറ്റ അപേക്ഷകളുടെ കരട് ലിസ്റ്റിൽ ടിയാൾ ആവശ്യപ്പെട്ട മൂന്നാമത്തെ ഓപ്ഷൻ ആയ കോഴിക്കോട് നഗരസഭയിലേക്ക് പേര് ഉൾപ്പെട്ടിട്ടുള്ളതുമാണ്.

5. മേൽ സാഹചര്യത്തിൽ കാസർഗോഡ് മുനിസിപ്പാലിറ്റിയിലേക്കോ കണ്ണൂർ കോർപ്പറേഷനിലേക്കോ സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വടകര നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സീന എം, സമർപ്പിച്ച അനുബന്ധം A19 അപേക്ഷ നിലവിൽ പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽപ്രകാരം ഒ.എ. 120/2022 നമ്പർ കേസിലെ 27.03.2025 തീയതിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീമതി സീന എം,, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I, വടകര നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 21-06-2025 13:18:41
സെക്ഷൻ ഓഫീസർ